**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2806** **28-02-2023 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ഹാജിയാർ പള്ളിയിലെ വനം വകുപ്പ് ഭൂമിയിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം നിയോജക മണ്ഡലത്തിലെ വനം വകുപ്പിന്റെ അധീനതയിലുള്ള ഹാജിയാർ പള്ളിയിലെ ഒരു ഹെക്ടർ ഭൂമിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ബട്ടർ ഫ്ലൈ പാർക്ക്, ബാംബൂ സെറ്റം, ഇക്കോ പാർക്ക്, ബൊട്ടാണിക്കൽ ഗാർഡൻ എന്നിവയ്ക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; | (എ) | ഭരണാനുമതി ലഭിക്കുന്നതിനായി മലപ്പുറം സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ തയ്യാറാക്കിയ മൈക്രോപ്ലാൻ 22.02.2023 ന് കോഴിക്കോട് ഫോറസ്റ്റ് കൺസർവേറ്റർക്ക് സമർപ്പിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്; വിശദാംശം നൽകാമോ; | (ബി) | പദ്ധതി നടപ്പിലാക്കുവാൻ 2 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ബാംബൂ സെറ്റം നിർമ്മിക്കുന്നതിനായി 10 ലക്ഷം രൂപയും, ബട്ടർ ഫ്ലൈ പാർക്കിനായി 5 ലക്ഷം രൂപയും, കൺസർവേഷൻ എഡ്യൂക്കേഷൻ സെന്റർ നിർമ്മാണത്തിനായി 1 കോടി രൂപയും, ഇൻഫർമേഷൻ സെന്റർ നിർമ്മാണത്തിനായി 35 ലക്ഷം രൂപയും ഇന്റർപ്രട്ടേഷൻ സെന്റർ നിർമ്മാണത്തിനായി 25 ലക്ഷം രൂപയും ഇക്കോഷോപ്പിന് 10 ലക്ഷം രൂപയും റഫറൻസ് ലൈബ്രറിയ്ക്ക് 15 ലക്ഷം രൂപയും ചെലവ് പ്രതീക്ഷിക്കുന്നു. |
| (സി) | ബട്ടർ ഫ്ലൈ പാർക്ക്, ബാംബൂ സെറ്റം, ഇക്കോ പാർക്ക് എന്നിവ ആരംഭിക്കുന്നതിന് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (സി) | കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ശാസ്ത്രജ്ഞർ 22.07.2022 ന് പദ്ധതി പ്രദേശം സന്ദർശിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വരുന്ന മഴക്കാലം ആരംഭിക്കുന്നതോടു കൂടി മുളത്തൈകൾ വച്ചു പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ മഴക്കാലത്ത് ബട്ടർഫ്ലൈ പാർക്ക് നിർമ്മിക്കുവാനാവശ്യമുള്ള പൂമ്പാറ്റകളുടെ ആതിഥേയ സസ്യങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവർത്തി പരിപൂർണ്ണമായിട്ടില്ല. അടുത്ത വർഷക്കാലത്തും പ്രസ്തുത പ്രവർത്തി തുടരുന്നതാണ്. |
| (ഡി) | പ്രസ്തുത പദ്ധതികൾ അടിയന്തരമായി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി | (ഡി) | ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രസ്തുത പ്രവർത്തികൾ യാഥാർത്ഥ്യമാക്കുന്നതാണ്. |

| | | | |
|---|---|---|---|
| | സ്വീകരിക്കാമോ? | | |

സെക്ഷൻ ഓഫീസർ